## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-പതിനൊന്നാംപദ്ധതി-വികേന്ദ്രീകൃതാസൂത്രണം-നിർവ്വഹണ ഉദ്യോഗസ്ഥരെനിശ്ചയിച്ച ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ ) വകുപ്പ്

സ.ഉ.(സാധാ) നം.3747/10/തസ്വഭവ തിരുവനന്തപുരം, തീയതി: 29-11-10

---

പരാമർശം:-(1) സ.ഉ. (പി) നം: 177/06/ഫിൻ, തീയതി: 12.04.06.
(2) സ.ഉ. (എം.എസ്) നം: 128/07/തസ്വഭവ, തീയതി: 14.05.07.
(3) സ.ഉ. (സാധാ) നം: 1445/09/തസ്വഭവ, തീയതി: 17.06.09.
(4) 26-10-10-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം: 1.4.

## ഉത്തരവ്

വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകളിൽ കൂടുതൽ നിർവ്വഹണഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എല്ലാഫാമുകളുടേയും മേധാവികൾ സുപ്രണ്ട് തസ്തികയിലുള്ളവർ മാത്രമല്ലഎന്നും വ്യത്യസ്ഥ തസ്തികകളിൽപ്പെട്ടവർ ഫാമുകളുടെ മേധാവികളായി തുടരുന്നുണ്ടെന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(2). മേൽ സാഹചര്യത്തിൽ, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ ഫാമുകളുടെ നിർവ്വഹണഉദ്യോഗസ്ഥരെ നിശ്ചയിച്ചുകൊണ്ട് സൂചന (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക ഇ (iv), (v) എന്നിവ ഭേദഗതി ചെയ്ത്, പരിഷ്ക്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്ക് സൂചന (4) പ്രകാരം തീരുമാനമായിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സൂചന (3) ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക ഇ (iv), (v) എന്നിവ ചുവടെ ചേർക്കുംവിധം ഭേദഗതിചെയ്ത്, താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഇ) ജില്ലാ പഞ്ചായത്ത്.

(iv) ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം.
(v) കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദനകേന്ദ്രം.
(vi) കൃഷി ഓഫീസർ, തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രം.
(vii) ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റൻറ് ഡയറക്ടർ, ജഴ്സിഫാം.

(viii) സീനിയർ വെറ്റിനറിസർജൻ/വെറ്റിനറി സർജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ്.

(ix) സൂപ്രണ്ട്, ബഫല്ലോ ബ്രീഡിംഗ് ഫാം,

(x) അസിസ്റ്റൻറ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം.

(xi) അസിസ്റ്റൻറ് ഡയറക്ടർ/വെറ്റിനറി സർജൻ, ജില്ലാ പൗൾട്രിഫാം.

(xii) സീനിയർ വെറ്റിനറി സർജൻ/സൂപ്രണ്ട്, ഗോട്ട് ഫാം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ബി.സരസ്വതി അമ്മ
അഡീഷണൽ സെക്രട്ടറി.

1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
8. നഗരകാര്യവികസന ഡയറക്ടർ, തിരുവനന്തപുരം
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
10. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
12. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി) മാർക്കും
13. ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം
14. ഡയറക്ടർ, ക്ഷീരവികസന വകുപ്പ് , തിരുവനന്തപുരം
15. ഡയരക്ടർ, മൃഗസംരക്ഷണവകുപ്പ്, തിരുവനന്തപുരം
16. സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
17. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
18. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
19. എല്ലാ അസിസ്റ്റൻറ് ഡവലപ്പ്മെൻറ് കമ്മീഷണർ (ജനറൽ) മാർക്കും
20. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
21. മേഖലാ ജോയിൻറ് ഡയറക്ടർമാർ (നഗരകാര്യം)
22. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം- വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളേയും അറിയിക്കേണ്ടതാണ്.
23. എക്സിക്യൂട്ടീവ്മിഷൻ ഡയറക്ടർ,ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിൻെറ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
24. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
25. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,
സെക്ഷൻഓഫീസർ.

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് എക്സ്പെൻഡിച്ചർ/റിസോഴ്സ് സെക്രട്ടറിയുടെ ഓഫീസ്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ (ഡിബി) (ഡിസി) (ഡിഡി) (എഫ്എം) വകുപ്പുകൾക്ക്.